(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പരിഗണനയിലില്ല.

അവധിയെടുത്ത അംഗൻവാടി വർക്കറെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി

312 (1686) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 160 അംഗൻവാടിയിൽ വർക്കറായി ജോലിയിലിരിക്കെ ഹൃദയസംബന്ധമായ അസുഖം നിമിത്തം അവധി യെടുക്കേണ്ടിവന്ന ശ്രീമതി എൽ. കൈരളി (വിഷ്ണു ഭവൻ, പേരുത്തല, കാട്ടായിക്കോണം, പോത്തൻകോട്)യ്ക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ അനുമതി ലഭ്യമാക്കി യിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അസുഖം നിമിത്തം ലീവെടുക്കേണ്ടിവന്ന കൈരളിക്ക് റെഗുലറായി ജോലി നൽകുവാൻ കഴിയാത്തതെന്തെന്ന് വ്യക്തമാക്കാമോ ;

(സി) കൈരളിക്ക് സ്ഥിരമായി ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരി ക്കാമോ ?

ഉത്തരം

(എ) പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 160-ൽ അങ്കണവാടി വർക്കറായിരിക്കെ അവധി എടുക്കേണ്ടിവന്ന ശ്രീമതി എൽ. കൈരളിയ്ക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ സി.ഡി.പി.ഒ. അനുമതി നൽകിയിരുന്നു.

(ബി) അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് ശ്രീമതി കൈരളിയെ 160-ാം നമ്പർ അങ്കണവാടിയിൽ നിന്നും 153-ാം നമ്പർ അങ്കണവാടിയിലേയ്ക്ക് സ്ഥലം മാറ്റിയത്. തുടർന്ന് ടിയാളുടെ അപേക്ഷ പരിഗണിച്ച് 147-ാം നമ്പർ അങ്കണവാടി യിലേയ്ക്ക് സ്ഥലം മാറ്റം നൽകിയെങ്കിലും യഥാസമയം ജോലിയിൽ പ്രവേശി ക്കാത്തതിനാൽ ടിയാളെ മാറ്റിനിർത്തുകയും തുടർന്ന് ടിയാളുടെ മാപ്പപേക്ഷയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ താക്കീത് നൽകി പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ വീണ്ടും ഗുരുതരമായ കൃത്യവിലോപങ്ങൾ കാട്ടിയെങ്കിലും മാനുഷിക പരിഗണനയുടെ പേരിൽ തിരിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സാധിച്ചില്ല. ഇത് സംബന്ധിച്ച് ശ്രീമതി കൈരളിയും മറ്റ് അപേക്ഷ നൽകിയിട്ടില്ല.

(സി) അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ അന്വേഷണം നടത്തി വെൽഫയർ കമ്മിറ്റിയുമായി കൂടിയാലോചന നടത്തിയശേഷമേ ശ്രീമതി കൈരളിയെ പുനഃപ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ.

സാമൂഹ്യനീതിവകുപ്പിന്റെ പ്രവർത്തനം

313 (1687) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷമുള്ള സാമൂഹ്യനീതിവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമപെൻഷനുകൾ പൂർണ്ണമായും കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ക്ഷേമപെൻഷനുകളാണ് നിലവിൽ കുടിശ്ശികയായി ഉള്ളതെന്ന് ഇനം തിരിച്ചുള്ള വിവരം തുക സഹിതം വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ നാലാം വാർഷികം ആഘോഷിച്ച അവസരത്തിൽ കുടിശ്ശികയായികിടക്കുന്ന പ്രസ്തുത ക്ഷേമപെൻഷനുകൾ കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ഗുണഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവുമൂലം ഉണ്ടായ അധികരിച്ച ചെലവുനിമിത്തമാണ് പെൻഷൻ തുക പൂർണ്ണമായും കൊടുത്തുതീർക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്.

(സി) വികലാംഗപെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നുമാസത്തേയും വിധവ പെൻഷൻ പദ്ധതിയിൽ ഏകദേശം നാലുമാസത്തേയും ദേശീയ വാർദ്ധക്യകാല

LIBRARY ARCHIVES Kerala Legislative Assembly